സബ്സിഡിയായി നൽകുന്ന ഭക്ഷ്യവസ്തുക്കൾ

214(3098) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡിയായി നൽകുന്ന ഭക്ഷ്യവസ്തുക്കൾ ഉപഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ ;

(ബി) ആയതിനുള്ള പരിശോധനാ സംവിധാനം നിലവിലുണ്ടോ ;

(സി) എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം ഏതെല്ലാം ഭക്ഷ്യവിഭവങ്ങളാണ് നൽകുന്നത് ; ആയതിന്റെ വിശദാംശം കടയുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റേഷൻ കടകളിൽ കൂടി നൽകുന്ന ഭക്ഷ്യവസ്തുക്കൾ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ ശക്തവും ഫലപ്രദവുമായ സംവിധാനം നിലവിലുണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യസാധനങ്ങൾ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻകടകളിൽ നിരന്തരം പരിശോധന നടത്തുന്നു. കൂടാതെ റേഷൻകാർഡുകളും റേഷൻകടകളിലെ റിക്കാർഡുകളുമായി ഒത്തുനോക്കി കാര്യക്ഷമമായ പരിശോധന നടത്തണമെന്ന് നിർദ്ദേശം നല്കിയിട്ടുള്ളതും അത്തരത്തിൽ പരിശോധന നടന്നുവരുന്നതുമാകുന്നു. റേഷൻകടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ കമ്മീഷണറേറ്റിൽനിന്നും, കൂടാതെ തന്മാസം ആദ്യംതന്നെ ജില്ലയിലെ അതാത് മാസത്തെ വിതരണക്രമവും വിലയും മാദ്ധ്യമങ്ങളിലൂടെ ജില്ലാ സപ്ലൈ ഓഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നു. കൂടാതെ റേഷൻ കടകളിൽ, വില വിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കടയുമടകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുന്നു. റേഷൻ കടകളിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ സാമ്പിൾ കടയിൽ പ്രദർശിപ്പിക്കുകയും ഉപഭോക്താക്കൾക്ക് അവ കണ്ട് ബോധ്യപ്പെടുകയും ചെയ്യാവുന്നതാണ്. കൂടാതെ, എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതു വിതരണ ശൃംഖല സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈകോ മാവേലി സ്റ്റോറുകളിലും അനുബന്ധ സ്ഥാപനങ്ങളിലും റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കുന്ന സാധനങ്ങൾ പ്രതിമാസം നിശ്ചിത അളവിൽ നിജപ്പെടുത്തി ഉപഭോക്താവിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് സപ്ലൈകോയുടെ എല്ലാ വില്പനശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ മുഖേനയും ഇന്റേർണൽ ഓഡിറ്റ് വിഭാഗം, മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ വിഭാഗം എന്നിവ മുഖേനയും വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യപ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനവും അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻകടകളിൽ നിരന്തരം പരിശോധന നടത്തുന്നു. കൂടാതെ സപ്ലൈകോയിലെ സ്ഥാപനങ്ങളിൽ നിശ്ചിത കാലയളവിൽ പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും മേഖലാ കാര്യാലയതലത്തിലും, കേന്ദ്ര കാര്യാലയതലത്തിലും പ്രവർത്തന അവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെ കീഴിൽ സുസജ്ജമായ ഒരു ആഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇൻസ്പെക്ഷനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ഔട്ട് ലെറ്റുകളിൽ ക്രമാനുഗതമായി പരിശോധന നടത്തി റിപ്പോർട്ട് അതാത് ഡിപ്പോ മാനേജർമാർക്ക് സമർപ്പിക്കുകയും ഡിപ്പോ മാനേജർമാർ അത് വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) എ.പി.എൽ. ബി.പി.എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അനുബന്ധമായി ചേർക്കുന്നു.* റേഷൻകടകളിൽ, വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം "സ്റ്റോക്ക്-കം-പ്രൈസ് ബോർഡ്" എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം കർശന നടപടി സ്വീകരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly